# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1333

21.03.2012-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.ജി. സുധാകരൻ

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വിലക്കയറ്റം പിടിച്ചുനിർത്തുവാൻ കൺസ്യൂമർ ഫെഡ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

**ഉത്തരം**

ശ്രീ. സി.എൻ.ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി വ്യാപാര ശൃംഖല വിപുലീകരിച്ച് അവയിലൂടെ ഗുണനിലവാരമുള്ള എല്ലാ വിധ നിത്യോപയോഗ സാധനങ്ങളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കുകയുണ്ടായി. ഗ്രാമീണ മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന കൂടുതൽ നീതി സ്റ്റോറുകൾ ആരംഭിക്കുകയും, സഹകരണ മേഖലയിലൂടെയുള്ള പൊതു വിതരണ സമ്പ്രദായത്തിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വരെ വിലക്കുറവിൽ സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ വർഷം മുഴുവൻ ലഭ്യമാക്കുന്ന നന്മ പദ്ധതി ഫെഡറേഷന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. ഇതിനോടകം ഈ പദ്ധതിയിൽ 1213 വിപണന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 3 നന്മ സ്റ്റോറുകളും ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ പോലെ 2011 ലെ ഓണം, ബക്രീദ്, ക്രിസ്മസ് പച്ചക്കറി വിപണന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെ 8942 സഹകരണ വിപണന കേന്ദ്രങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ പഞ്ചായത്തുകളിലും ഓരോ മിനി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്ന പദ്ധതിയും, 30 മൊബൈൽ ത്രിവേണികളും 2 ഫ്ലോട്ടിംഗ് ത്രിവേണികളും

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽവന്നശേഷം വിവിധ ഉത്സവകാലങ്ങളിൽ എത്ര സഹകരണചന്തകൾ നടത്തി; ചന്തകൾ താലൂക്കടിസ്ഥാനത്തിൽ പരിമിതപ്പെടുത്താനുണ്ടായ കാരണം വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8942 ഉത്സവകാല ചന്തകൾ നടത്തി. ബക്രീദ് വിപണി മാത്രമാണ് താലൂക്കടിസ്ഥാനത്തിൽ ക്രമീകരിച്ചത്. |
| (സി) | കൺസ്യൂമർഫെഡ് വഴി ഗുണനിലവാരമുള്ള അവശ്യസാധനങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വികരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (സി) | ഗുണനിലവാരം സംബന്ധിച്ച് ഒറ്റപ്പെട്ട ചില പരാതികൾ ലഭിച്ചിരുന്നു. ടി പരാതികളിന്മേൽ കർശനമായ നടപടികൾ സ്വീകരിക്കുകയും ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിൽപ്പനയ്ക്കായി യൂണിറ്റുകളിൽ സ്വീകരിക്കരുതെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ഷൻ ടീമും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ